**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 119** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഭൂമി തരം മാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പ്രസാദ്

ശ്രീ. കെ. കെ. വത്സരാജ്

ശ്രീമതി ഗീതാ ഗോപി

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** നിയമവിധേയമായി ഭൂമിതരംമാറ്റം ചെയ്യുന്നതിന് വേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പു കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പു കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമവിധേയമായി ഭൂമി തരം മാറ്റം ചെയ്യുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ സർക്കാരിന്റെ നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി)** ഭൂമി തരം മാറ്റി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ മുൻ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായ രീതിയിൽ കൈകാര്യം ചെയ്തിരുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

**<u>മറുപടി:</u>** ഭൂമി തരം മാറ്റി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് ജില്ലാ തല അദാലത്തുകൾ നടത്തി വന്നിരുന്നു. അതിന് തുടർച്ചയായി നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തീർപ്പാക്കാത്ത അപേക്ഷകൾ, സങ്കീർണ്ണതകൾ ഒഴിവാക്കി, തീർപ്പാക്കുന്നതിനായി നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയവും സർക്കാർ പരിഗണിച്ചു വരുന്നു.

**(സി)** ഡിജിറ്റൽ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലെ ഭൂമിതരം മാറ്റി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പു കൽപ്പിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; വിശദീകരിക്കുമോ?

**<u>മറുപടി:</u>** ഡിജിറ്റൽ സർവേ പൂർത്തീകരിച്ച വില്ലേജുകളിൽ ഡിജിറ്റൽ സർവേയ്ക്കു ശേഷം ഭൂമിയുടെ വിസ്തീർണത്തിൽ വ്യത്യാസം വന്നിട്ടുള്ള കേസുകളിൽ ഭൂമി തരംമാറ്റി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**